# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T5006 | 23.03.2018 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ്ജ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വണശേഷം സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണത്താൽ മരണമടഞ്ഞ ആളുകൾ എത്രയെന്നും പരിക്കേറ്റവർ എത്രയെന്നും നാളിതുവരെ എത്ര തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണത്താൽ മരണമടഞ്ഞ ആളുകൾ എത്രയെന്നും പരിക്കേറ്റവർ എത്രയെന്നും നാളിതുവരെ എത്ര തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | മരണമടഞ്ഞവർ (എണ്ണം) | | പരിക്കേറ്റവർ (എണ്ണം) | നഷ്ടപരിഹാരം (രൂപയിൽ) |
|---|---|---|---|---|
| | വന്യജീവി ആക്രമണം | പാമ്പുകടി | | |
| തിരുവനന്തപുരം | 5 | 9 | 42 | 2821290 |
| കൊല്ലം | 1 | 11 | 94 | 3089724 |
| പത്തനംതിട്ട | 1 | 19 | 101 | 4530779 |
| ആലപ്പുഴ | 0 | 10 | 0 | 10,00,000 |
| കോട്ടയം | 0 | 9 | 27 | 1238426 |
| ഇടുക്കി | 0 | 2 | 37 | 627323 |
| എറണാകുളം | 13 | 8 | 93 | 7647003 |
| തൃശ്ശൂർ | 1 | 28 | 176 | 8432000 |
| പാലക്കാട് | 15 | 51 | 144 | 17871605 |
| മലപ്പുറം | 5 | 17 | 59 | 6695000 |
| കോഴിക്കോട് | 0 | 3 | 10 | 1607000 |
| വയനാട് | 13 | 2 | 69 | 9119384 |
| കണ്ണൂർ | 4 | 15 | 488 | 11039500 |
| കാസർഗോഡ് | 0 | 3 | 191 | 6502200 |
| | 58 | 187 | 1531 | 82221234 |

(ബി) ആക്രമണകാരികളായ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നൽകാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിവരിയ്ക്കാമോ;

(ബി) ആക്രമണകാരികളായ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നൽകാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1.വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച്

വനത്തിനുള്ളിലേയ്ക്ക് തെളിച്ച് വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5.പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും, ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.

10. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(സി) ഇങ്ങനെയുള്ള ഉപദ്രവകാരികളായ വന്യജീവികളെ ജനങ്ങൾക്ക് കൊല്ലുവാൻ ആവശ്യമായ ഉത്തരവുകൾ എന്തെങ്കിലും നിലവിലുണ്ടോ?

(സി) നിലവിലില്ല.

സെക്ഷൻ ഓഫീസർ